PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Tuesday, the 18th February 1964.

Vol. XVIII] OFFICIAL REPORT [No. 7

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 18th February, 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

Mr. Speaker : Order, order, questions and answers. Question number 1, by Shri C. K. Balakrishnan.

ക്ഷയരോഗികൾക്ക നൽകുന്ന സാമ്പത്തികസഹായം

* 145. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ സാമ്പത്തിക സഹായത്തിനായി എത്ര ക്ഷയരോഗികളിൽനിന്നും അപേക്ഷകൾ ഇതിനകം ലഭിച്ചുകഴിഞ്ഞു ;

(ബി) ഈ അപേക്ഷകൾ പരിശോധിച്ചശേഷം എത്രപേർക്ക് ധന സഹായം നൽകി ; എത്ര തുക ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 5,981 അപേക്ഷകൾ.

(ബി) 179 പേർക്ക് ഇതിനകം സഹായധനം അനുവദിച്ചുകഴിഞ്ഞു. ഉടൻതന്നെ തുക നൽകുവാൻ ആവശ്യമായ നടപടികൾ എടുത്തുവരുന്നു.

Mr. Speaker : Question No. 37 may also be answered.

ക്ഷയരോഗികൾക്ക നൽകുന്ന ധനസഹായം

* 146. [37] ശ്രീ. കെ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എ) നിർദ്ധനരായ ക്ഷയരോഗികൾക്ക് ധനസഹായം നൽകുമെന്നുള്ള ഗവണ്മെൻറ് പ്രഖ്യാപനത്തെത്തുടർന്ന സംസ്ഥാനത്തെ ക്ഷയരോഗികളിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) എത്രപേർക്ക് സഹായധനം ഇതിനകം കൊടുത്തിട്ടുണ്ട് ;

(സി) അപേക്ഷകരുടേയും സഹായധനം ലഭിച്ചവരുടേയും എണ്ണം ജില്ലാതിരിച്ചുള്ള പട്ടികയിൽക്കൂടി വെളിപ്പെടുത്തുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 5,981 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 179 പേർക്ക് ഇതിനകം സഹായധനം കൊടുത്തിട്ടുണ്ട്.

(സി) തിരുവനന്തപുരം 199—അനുവദിച്ചത് 87. കോട്ടയം 1,179 അനുവദിച്ചത് 47. കൊല്ലം 385—അനുവദിച്ചത് 41. എറണാകുളം 42—അനുവദിച്ചത് 4. ആർക്കും തുക നൽകിക്കഴിഞ്ഞിട്ടില്ല. ഇതിലേക്കാവശ്യമായ നടപടികൾ ഊർജ്ജിതമായി തുടർന്നുവരുന്നു. തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽനിന്നും യഥാക്രമം 1412, 861, 1573, 102,228 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എല്ലാം അന്വേഷണത്തിലിരിക്കുന്നു.

ശ്രീ. ഈ. പി: ഗോപാലൻ : ജില്ലാതലസ്ഥാന ആശുപത്രികളിൽ പോയി ഡാക്ടറെ കണ്ടുപിടിച്ച് ഹർജികൊടുക്കുന്നതു് ക്ഷയരോഗികൾക്ക് വളരെയധികം പ്രയാസമാണെന്നുള്ളതു് തെളിഞ്ഞിരിക്കേ ആ നടപടിക്രമം അല്പംകൂടി ലളിതമാക്കാൻ ഗവണ്മെൻറ് വേണ്ട നടപടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഡിസ്പ്ലിക്റ്റ് ആശുപത്രികളിൽ പോയി ഡാക്ടർമാരെ കാണണമെന്നു പറഞ്ഞതു് ശരിയല്ല. റൂറൽ ബി. ക്ലിനിക്കുകൾ ഉള്ള സ്ഥലങ്ങൾ എന്നാണ് വച്ചിരിക്കുന്നതു്. ഓരോ ടി. ബി. ക്ലിനിക്കിലും ഈ രോഗികൾ അഡ്രസ്സ് ചെയ്തുകൊണ്ടിരിക്കുകയായിരിക്കണം. അങ്ങനെയുള്ളവർക്ക് റൂറൽ ബി. ക്ലിനിക്കിൽ പോകണമെന്നുള്ളതു് അത്രവളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമല്ല. ഈ സംഖ്യ ലഭിക്കുന്നതു് അവരുടെ ആഹാരത്തിനുവേണ്ടി മാത്രമാണ്. സുഖക്കേടു മാറുന്നതിനു് റൂറൽ ബി. ക്ലിനിക്കുകളിൽ പോകേണ്ട ആവശ്യമുണ്ട്. ആ നിലയ്ക്ക് നിലവിലുള്ള രീതി ഭേദഗതി ചെയ്യേണ്ട അവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. കൃഷ്ണപിള്ള : കുറേ രോഗികൾക്കു് സാമ്പത്തികസഹായം അനുവദിച്ചു എന്നു പറഞ്ഞു. എന്നാൽ കൊടുത്തതായി പറയുന്നില്ല. ഈ അനുവദിച്ചുകഴിഞ്ഞിട്ടുള്ള രോഗികൾക്ക് ഈ തുക കിട്ടുന്നതിനു് ഇനി എത്ര കാലതാമസം വരുമെന്നു പറയുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അനുവദിച്ചാൽ വളരെയധികം കാലതാമസം വരുകയില്ല. ഇതിനകം ചിലതു കൊടുത്തുകഴിഞ്ഞുകാണുമെന്നാണ് പ്രതീക്ഷ. ഏതായാലും ഈ മാസത്തിൽ കൂടുതൽപേർക്ക് കൊടുക്കാൻ സാധിക്കുമെന്നാണ് ഗവണ്മെൻറ് കരുതുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : റൂറൽ ബി. ക്ലിനിക്കുകളിൽ അഡ്മിറ്റു ചെയ്യാത്ത വളരെയധികം രോഗികളും അതാതു സ്ഥലത്തെ പ്രാദേശിക ആശുപത്രികളിലെ ഡാക്ടർമാരിൽനിന്നു സർട്ടിഫിക്കറ്റു വാങ്ങി രണ്ടു അപേക്ഷാ ഫാറങ്ങളിൽ മെഡിക്കൽ സൂപ്രണ്ടിനു് അയയ്ക്കുകയും, എന്നാൽ ഇപ്പോഴും അവയെല്ലാം മൂന്നു സർട്ടിഫിക്കറ്റും വേണമെന്നുപറഞ്ഞു് തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസവും ഞാൻ ഇതേസംബന്ധിച്ചു പറയുകയുണ്ടായി. ഈ നടപടി തുടർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കോഴിക്കോട് ഡിസ്പ്ലിക്റ്റിലുള്ള രോഗികളിൽ ബഹുഭൂരിപക്ഷം ആളുകൾക്കും അവരുടെ ഹർജികൾ യഥാസ്ഥാനങ്ങളിൽ എത്തിക്കാൻ സാധിച്ചിട്ടില്ല എന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് അതേസംബന്ധിച്ച് ഒരു വ്യക്തമായ നിർദ്ദേശം കൊടുക്കാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതു് ഏറ്റവും ഫലപ്രദമായ നിലയിൽ നടപ്പാക്കുന്നതിനാവശ്യമായ എല്ലാ നിർദ്ദേശം കൊടുക്കുന്നതിനും ഗവണ്മെൻറിനു വിരോധമില്ല. ഏതായാലും ഗവണ്മെൻറു് ഇപ്പോൾ കിട്ടിയിരിക്കുന്ന അറിവുവച്ചുകൊണ്ടു് ഒരു നാലഞ്ചുമാസത്തെ പ്രവർത്തനം പ്രായോഗികമായി പരിശോധിച്ചതിനുശേഷം ബുദ്ധിമുട്ടുണ്ടാകുകയാണെന്നു കാണുകയാണെങ്കിൽ ആവശ്യമായ ഭേദഗതി വരുത്താം.

ശ്രീ. ആർ. സുഗതൻ : റവ. ബി. ക്ലിനിക്കുകളിൽ മരുന്നു കുത്തിവയ്ക്കുന്ന ആളുകൾക്കു് ഈ സഹായം ലഭിക്കുന്നില്ല എന്നുള്ള കാര്യം ഗവണ്മെൻറിനറിയാമോ ? ആലപ്പുഴയിൽ ഇങ്ങനെയുള്ള പലർക്കും ധനസഹായം ലഭിക്കാതെ പോയ വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കുത്തിവച്ചാലും ഇല്ലെങ്കിലും അതൊരു മാനദണ്ഡമായി സ്വീകരിച്ചു് ആർക്കും സഹായം നിഷേധിക്കുകയില്ല.

ശ്രീ. കെ. എം. ജോർജ്ജു് : എറണാകുളം ജില്ലയിൽ നാലു അപേക്ഷകരും മാത്രമാണു് അനുവദിച്ചതായി പറഞ്ഞതു്. എന്നാൽ വളരെയധികം അപേക്ഷകരും ഡാക്ടർമാർ വാങ്ങിവച്ചതിനുശേഷം അതു് യഥാസമയം ശുപാർശചെയ്തു് കളക്ടറേറിലേയ്ക്കു് അയയ്ക്കാത്തതിൻെറ ഫലമായിട്ടാണു് അവിടെ ഇത്ര കുറഞ്ഞുപോയതു് എന്നുള്ളതിനെ പരിഗണിച്ചു് ഈ കാലതാമസം ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശം ഗവണ്മെൻറു കൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ വളരെ അപേക്ഷകരും കെട്ടിക്കിടക്കുന്നതായി ഗവണ്മെൻറിനു് അറിവില്ല. 42 അപേക്ഷകളാണു് എറണാകുളത്തു കിട്ടിയിട്ടുള്ളതു്. പ്രായോഗികമായ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

വിജിലൻസു കമ്മിഷൻ

* 147. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഭരണകൂടത്തിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനും ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിനും ഈ ഗവണ്മെൻറു് പ്രത്യേകമായ എന്തെങ്കിലും നടപടികളും സ്വീകരിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനെസംബന്ധിച്ചു് ആലോചിക്കുന്നതിനു് ഡൽഹിയിൽ കൂടിയ സംസ്ഥാന ആഭ്യന്തരകാര്യമന്ത്രിമാരുടെ സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങളും എന്തെല്ലാമാണെന്നു് പറയാമോ ;

(സി) ഈ സംസ്ഥാനത്തിലും ഒരു വിജിലൻസു് കമ്മിഷനെ നിയമിക്കുമോ ;

(ഡി) എങ്കിൽ ആ നിയമനം എന്നു് നടക്കുമെന്നു് പറയാമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കേന്ദ്രവിജിലൻസു് കമ്മിഷൻെറ മാതൃകയിൽ ഈ സ്റ്റേറിലും ഒരു കമ്മിഷനെ നിയമിക്കുന്നകാര്യം ആലോചിച്ചുവരികയാണു്.

(ബി) തീരുമാനങ്ങളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുവാൻ നിവൃത്തിഹമില്ല. സംസ്ഥാനങ്ങളിലും വിജിലൻസു് കമ്മിഷനുകൾ നിയമിക്കുന്ന കാര്യമാണു് സമ്മേളനത്തിൽ പ്രധാനമായും ചർച്ചചെയ്തതു്.

(സി) ഈ കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

(ഡി) നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly